4150
2 7/7/15

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ ഡിപ്പോ വാച്ചറായ ശ്രീ. ഹക്കിം. എസിന് തൃശ്ശൂർ ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റവും ഡിപ്പോ വാച്ചർ തസ്തികയിൽ നിന്ന് ഓഫീസ് അറ്റൻഡന്റായി തസ്തികമാറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(എം.എസ്.) നം.54/2015/വനം തീയതി, തിരുവനന്തപുരം, 25/07/2015.

---

പരാമർശം: 1. കൊല്ലം ജില്ലയിൽ പെരിനാട് നീരാവിൽ ഹക്കിം മൻസ്സിൽ വീട്ടിൽ ശ്രീമതി.സബീന ഹക്കിം 12/11/2014-ൽ സമർപ്പിച്ച അപേക്ഷ

2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03/02/2015 ലെ ഇ2-42352/14 നമ്പർ കത്ത്.

3. കൊല്ലം ജില്ലാ കല്ക്ടറുടെ 16/06/2015 ലെ എം8-21944/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

വനം വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ഡിപ്പോ വാച്ചറായി ജോലി ചെയ്യുന്ന ശ്രീ.ഹക്കിമിന് വൃക്കരോഗം മൂർച്ഛിച്ചതിനാലും, നിരന്തരമായി ഡയാലിസിസ് നടത്തേണ്ടതുള്ളതുകൊണ്ടും ഡിപ്പോവാച്ചറായി ജോലി ചെയ്യുവാനുള്ള ശാരീരികക്ഷമത ഇല്ലാത്തതിനാലും ഡിപ്പോവാച്ചർതസ്തികയിൽനിന്നും ഓഫീസ് അറ്റൻഡന്റായി തസ്തിക മാറ്റവും കൊല്ലം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റവും അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ട് ടിയാന്റെ ഭാര്യയായ ശ്രീമതി.സബീന ഹക്കിം സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു.

2. തൃശ്ശൂർ ജില്ലാ പി.എസ്.സി. മുഖേന വനം വകുപ്പിലെ ഡിപ്പോ വാച്ചർ തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച ശ്രീ.ഹക്കിം 7/11/2011 മുതൽ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിൽ ചെട്ടികുളം ഡിപ്പോയിൽ ഡിപ്പോ വാച്ചറായി ജോലി ചെയ്തുവരുന്നുവെന്നും കിഡ്നി സംബന്ധമായ രോഗം മൂർച്ചിച്ചതിനെ തുടർന്ന് കൊല്ലം ബെൻസിഗർ ആശുപത്രിയിൽ ചികിത്സ തുടർന്നു വരുന്ന ടിയാൻ നിലവിൽ ഹീമോ ഡയാലിസിസിന് വിധേയനായി വരുകയാണെന്നും ടിയാന്റെ രോഗസ്ഥിതി മൂലം ചെട്ടികുളം ഡിപ്പോയിൽ ജോലി ചെയ്ത് നിരന്തരമായി ആശുപത്രിയിൽ അഡ്മിറ്റായി ഡയാലിസിസിന് വിധേയനാകുന്നതിനും വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതു കൊണ്ടും ഡിപ്പോ വാച്ചർ

തസ്തകിയിലെ ജോലിയിൽ ശാരീരികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാലും കോമൺ കാറ്റഗറിയിൽപ്പെട്ട സമാന ശമ്പള സ്കെയിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് കൊല്ലം ജില്ലയിൽ അടുത്തുണ്ടാകുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് ഭരണവിഭാഗം മുഖ്യവനപാലകൻ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. ശ്രീ.ഹക്കിം വൃക്കരോഗബാധിതനും കൂടാതെ ഡയാലിസിസിന് വിധേയമാകുന്നതിനാൽ ടിയാന്റെ അപേക്ഷ അനുഭാവപൂർണ്ണമായി പരിഗണിച്ച് കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകാവുന്നത് പരിഗണിക്കണമെന്ന് പരാമർശം 3 പ്രകാരം കൊല്ലം ജില്ലാകളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ വനം വകുപ്പിൽ ഡിപ്പോവാച്ചറായി ജോലി ചെയ്തു വരുന്ന ശ്രീ.എസ്.ഹക്കിമിന് ഗുരുതരമായ വൃക്കരോഗം മൂലം കടുത്ത ജോലി ചെയ്യുവാനുള്ള ശാരീരിക ക്ഷമതയില്ലായ്മ പരിഗണിച്ച്, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടം ഇളവുചെയ്ത് ഡിപ്പോ വാച്ചർ തസ്തികയിൽ നിന്നും കോമൺ കാറ്റഗറിയിൽപ്പെട്ട ഓഫീസ് അറ്റൻഡന്റ് തസ്തകിയിലേക്ക് തസ്തിക മാറ്റവും തൃശ്ശൂർ ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റവും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**പി. മാരപാണ്ഡ്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
ശ്രീ.ഹക്കിം.എസ്. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.എസി)വകുപ്പ് (23/07/2015-ലെ ഇതേ നമ്പർ 7094 പ്രകാരം)
വെബ് & ന്യൂ മീഡിയ
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് (5129/എ 2/15/ഉഭപവ തീയതി 23/03/2015) പ്രകാരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ